(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.-യുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

ഇതുവരെ 667 ഗ്രാമപഞ്ചായത്തുകളും (PRIs) 44 കോർപ്പറേഷൻ/ നഗരസഭകളും (ULBs) ഉൾപ്പെടെ 711 തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

പിറവം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

223 (1953) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പിറവം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ?

കൂത്താട്ടുകുളം സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി-യിൽ നിന്നും 110 കെ.വി. ആയി ഉയർത്തി. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, ഉണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018 ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചിരുന്നു. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. പിറവം മണ്ഡലത്തിലും ഊർജ്ജമിത്ര കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ?

കൂത്താട്ടുകുളം സബ്സ്റ്റേഷൻ 110 കെ.വി. കമ്മീഷൻ ചെയ്തു. പിറവം മണ്ഡലത്തിലെ പള്ളിക്കവല എന്ന സ്ഥലത്ത് ആരംഭിച്ച ഊർജ്ജമിത്ര കേന്ദ്രം മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറും പരിപാലനവും നടത്തിവരുന്നു.

(സി) അനുമതി ലഭിച്ചിട്ടും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുടെ തടസ്സമെന്താണെന്ന് അറിയിക്കാമോ?

ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ ഏതെല്ലാം പദ്ധതികളാണ് വൈദ്യുതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കൂത്താട്ടുകുളം 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുള്ള 10 MVA 66/11 കെ.വി. പവർ ട്രാൻസ്ഫോമർ മാറ്റി 12.5 MVA കപ്പാസിറ്റിയുള്ള 110/11 കെ.വി. ട്രാൻസ്ഫോമർ സ്ഥാപിക്കാനുള്ള പ്രവൃത്തികളാരംഭിച്ചു.

ആനക്കയം ജലവൈദ്യുത പദ്ധതി

224 (1954) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വിവിധ വൈദ്യുത നിലയങ്ങളിൽനിന്നും ലഭ്യമായ വൈദ്യുതിയിൽ ഏറ്റവും ലാഭകരമായത് ഏതാണ്?

ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയാണ് ലഭ്യമായ വൈദ്യുതിയിൽ ഏറ്റവും ലാഭകരം.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ശരാശരി മൂലധനച്ചെലവ് എത്ര രൂപയാണെന്നും ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും എത്ര മെഗാവാട്ട് വരെയുള്ള വൈദ്യുതോൽപ്പാദനമാണ് നടത്തുന്നതെന്നും അറിയിക്കാമോ?

25 മെഗാവാട്ടിന് താഴെയുള്ള ജലവൈദ്യുത പദ്ധതികളെയാണ് ചെറുകിട ജലവൈദ്യുത പദ്ധതികളായി പരിഗണിക്കുന്നത്. അവയുടെ ശരാശരി മൂലധന ചെലവ് 10 Cr./MW (ഏകദേശം).

(സി) നിർദ്ദിഷ്ട ആനക്കയം ജലവൈദ്യുത പദ്ധതിയിൽ നിന്ന് എത്ര മെഗാവാട്ട് ഊർജ്ജത്തിന്റെ വൈദ്യുതി ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത്?

നിർദ്ദിഷ്ട ആനക്കയം ജലവൈദ്യുത പദ്ധതിയിൽ നിന്നും 7.5 മെഗാവാട്ടിന്റെ വൈദ്യുതി ഉല്പാദനമാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് മൂലധനച്ചെലവ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതി സാമ്പത്തികമായി ലാഭകരമായിരിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ എന്നും അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി 139.62 കോടി രൂപ (ജി.എസ്.ടി ഉൾപ്പെടെ) മൂലധനച്ചെലവ് ആണ് പ്രതീക്ഷിക്കുന്നത്. (സിവിൽ വർക്ക് - 96.17 കോടി, E&M വർക്ക് - 32.45 കോടി, പവർ ഇവാകുവേഷൻ - 11 കോടി) പദ്ധതി ലാഭകരമായിരിക്കുമെന്നാണ് സർക്കാരിപ്പോൾ കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly